മല്ലാനാമശനിർനൃണാം നരവര: സ്ത്രീണാം സ്മരോ മൂർത്തിമാൻ
ഗോപാനാം സ്വജനോഽസതാം ക്ഷിതിഭുജാം ശാസ്താ സ്വപിത്രോ: ശിശു:
മൃത്യുർഭോജപതേർവ്വിരാഡവിദുഷാം തത്ത്വം പരം യോഗിനാം
വൃഷ്ണീനം പരദേവതേതി വിദിതോ രംഗം ഗത: സാഗ്രജ: **(10–43–17)**

*ശുകമുനി തുടർന്നു:*
സംഭവബഹുലമായിത്തീർന്ന ആ പകലിനെ രാമകൃഷ്ണൻമാരും മറ്റു ഗോപൻമാരും പ്രഭാതപ്രാർത്ഥനകളോടെ എതിരേറ്റു. പെരുമ്പറ മുഴങ്ങുന്ന ശബ്ദം ഭഗവാനും കേട്ടു. മല്ലയുദ്ധവീരൻമാരുടെ ഗോദ്വാ വിളികളും മറ്റും കളരിയിൽ നിന്നു കേട്ട് കൃഷ്ണൻ സാകൂതം അവിടേയ്ക്കു പോയി. കളരിക്കു പുറത്ത് കുവലയാപീഠം എന്നു പേരായ ആ ഭീകരൻ ആന നിന്നിരുന്നു. കൃഷ്ണൻ ആനസ്സവാരിക്കാരനോട് വഴിമാറാൻ ആവശ്യപ്പെട്ടു. എന്നാൽ ആനക്കാരൻ തോട്ടികൊണ്ട് കുത്തി കൃഷ്ണനു നേരെ ആക്രമിക്കാൻ ആനയെ പ്രേരിപ്പിക്കയാണുണ്ടായത്. ആന കൃഷ്ണനെ തൻെറ തുമ്പിക്കൈ കൊണ്ട് ചുറ്റിപ്പിടിച്ചു. എന്നാൽ ഭഗവാൻ അവൻെറ പിടിയിൽ നിന്നും വഴുതി മാറി ആനയുടെ വാൽ പിടിച്ചു വലിക്കാൻ തുടങ്ങി. കുറെ ദൂരം പോയിക്കഴിഞ്ഞപ്പോൾ വാലുപിടിച്ച് ആനയെ വട്ടം ചുറ്റിക്കാൻ തുടങ്ങി. ഒരു സമയത്ത് ഈ ദ്വന്ദയുദ്ധത്തിനിടയ്ക്ക് കൃഷ്ണൻ ഒരു വീഴ്ച്ച അഭിനയിച്ചു. അപ്പോൾ ആന തൻെറ കൊമ്പു കൊണ്ടു താഴേക്കാഞ്ഞു കുത്തി. കൃഷ്ണൻ ഒഴിഞ്ഞുമാറി. കോപാന്ധനായി ആന വീണ്ടും കൃഷ്ണൻെറ നേർക്ക് പാഞ്ഞടുത്തു. ഭഗവാൻ അവൻെറ തുമ്പിക്കൈ പിടിച്ചു തിരിച്ചതോടെ അവൻ നിലത്തു വീണു. കൃഷ്ണൻ ആനക്കൊമ്പുകൾ രണ്ടും വലിച്ചൂരിയെടുത്ത് ആനയേയും ആനക്കാരേയും കാലപുരിക്കയച്ചു.

രാമകൃഷ്ണൻമാർ കളരിയിലേക്ക് പ്രവേശിച്ചു. ആനക്കൊമ്പും കൈയ്യിൽ പിടിച്ചും മുഖങ്ങൾ വിയർപ്പു മണികളാൽ അലങ്കരിക്കപ്പെട്ടും അനിതരസാധാരണമായ ഒരു മോഹനദൃശ്യം തന്നെയായിരുന്നു അത്. മല്ലവീരൻമാർക്ക് കൃഷ്ണൻ മിന്നൽപിണർ പോലെ കാണപ്പെട്ടു. ആണുങ്ങൾക്ക് കൃഷ്ണൻ ഒരതിമാനുഷനായും സ്ത്രീകൾക്ക് കാമദേവൻെറ അവതാരമായും ഗോപൻമാർക്ക് ബന്ധുവായും അധാർമ്മികരായ രാജാക്കൻമാർക്ക് ശിക്ഷകനായും മാതാപിതാക്കൾക്ക് കുട്ടിയായും കംസന് കാലനായും അജ്ഞാനിക്ക് വെറുമൊരു ബാലനായും യോഗിവര്യൻമാർക്ക് പരമസത്യമായും വൃഷ്ണികൾക്ക് മഹത്തായ ദിവ്യതയുടെ പ്രതിരൂപമായും കൃഷ്ണൻ കാണപ്പെട്ടു. കൃഷ്ണൻ ജ്യേഷ്ഠൻ ബലരാമനുമൊത്ത് കളരിക്കളത്തിലേക്ക് കടന്നു ചെന്നു. മത്സരങ്ങൾ കാണാനെത്തിയവർ കൃഷ്ണനെ അവരുടെ ഹൃത്തടങ്ങളിലേക്ക് പഞ്ചേന്ദ്രിയങ്ങളാലും മനസ്സുകൊണ്ടും ബുദ്ധികൊണ്ടും സ്വീകരിച്ചു. അവർ കൃഷ്ണനെപ്പറ്റി പരസ്പരം സംസാരിക്കാൻ തുടങ്ങി. വസുദേവപുത്രനായി ജനിച്ചതും വൃജത്തിലേക്ക്കൃഷ്ണനെ മാറ്റിയതും അവൻെറ ബാല്യലീലകളുമെല്ലാം അവർ പരസ്പരം പറഞ്ഞാനന്ദിച്ചു.

അപ്പോൾ മല്ലയുദ്ധവീരനായ ചാണൂരൻ കൃഷ്ണനെ ദ്വന്ദയുദ്ധത്തിനായി ക്ഷണിച്ചു. 'ചെറുപ്പക്കാരാ ഇതു രാജാവിൻെറ ഉല്ലാസത്തിനു വേണ്ടിയാണ്. രാജാവിനെ സംതൃപ്തിപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്യുകവഴി പ്രജകൾ അവരുടെ ആഗ്രഹങ്ങൾ സാധിക്കുകയും അവർക്ക് ഐശ്വര്യമുണ്ടാവുകയും ചെയ്യും.'

കൃഷ്ണൻ പറഞ്ഞു: 'നാമെല്ലാം കംസൻെറ പ്രജകളായ സ്ഥിതിക്ക് മഹാരാജാവിനെ സന്തുഷ്ടമാക്കുന്ന കാര്യങ്ങൾ നാം ചെയ്യേണ്ടതു തന്നെ. പക്ഷേ ദ്വന്ദയുദ്ധത്തിൽ പങ്കെടുക്കുന്നവർ തുല്യശക്തരായിരിക്കണം. അല്ലെങ്കിൽ അത് അധർമ്മമാകും.' ചാണൂരൻ ചാടിക്കയറിപ്പറഞ്ഞു. 'തീർച്ചയായും. എന്നാൽ നിങ്ങൾ യുവ തരുണൻമാരായി കാണുന്നുവെങ്കിലും നിങ്ങൾ കുവലയാപീഠത്തോട് ചെയ്തതെന്തെന്നോർക്കുമ്പോൾ അങ്ങിനെ കണക്കാക്കാൻ വയ്യ. നിങ്ങൾ എൻെറ വെല്ലുവിളിക്ക് യോഗ്യർ തന്നെ. ബലരാമൻ മുഷ്ടികനുമായി മല്ലടിക്കട്ടെ.'